പാഠം 2 ഏപ്രിൽ 1–7

# ദുഷിപ്പിക്കാനാവാത്ത ഒരു അനന്തരാവകാശം

**ശബ്ബത്ത് സായാഹ്നം ഏപ്രിൽ 1**

**ഈ ആഴ്ച്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ്1:1,2; യോഹന്നാൻ 3:16; യെഹസ്ക്കേൽ 33:11; 1 പത്രൊസ് 1:3–21; ലേവ്യ 11:44,45; 1 പത്രൊസ് 1:22–25.**

**മനഃപാഠ വാക്യം: "എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ" (1 പത്രൊസ് 1:22).**

എപ്പോഴെങ്കിലും ഒരുവൻ ബൈബിൾ പഠിക്കുമ്പോൾ, പ്രത്യേകിച്ച് ഒരു പുസ്തകത്തിനോ ഒരു ഭാഗത്തിനോ ഊന്നൽ കൊടുത്ത് പഠിക്കുമ്പോൾ,സാധ്യമെങ്കിൽ ചില ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

ഒന്നാമതായി, ഏതു സദസ്സിനെ ഉദ്ദേശിച്ചാണ് ഇതെഴുതിയത് എന്ന് അറിയുന്നതു നല്ലതാണ്. രണ്ടാമത്, ഒരുപക്ഷേ കൂടുതൽ പ്രധാനം ആ എഴുത്തിന്റെ കൃത്യമായ കാരണം എന്തെന്ന് അറിയുന്നത് നല്ലതായിരിക്കും. ആ എഴുത്തുകാരൻ സംബോധന ചെയ്യുന്ന പ്രത്യേകമായ വിഷയം (എന്തെങ്കിലും ഉണ്ടെങ്കിൽ) എന്തായിരുന്നു (അതായത് പൗലൊസ് ഗലാത്യർക്ക് രക്ഷയെയും ന്യായപ്രമാണത്തെയും സംബന്ധിച്ച ദൈവശാസ്ത്ര പഠനത്തിലെ പിഴവുകൾ ചൂണ്ടിക്കാണിച്ചതുപോലെ). നമുക്കറിയാവുന്നതുപോലെ പുതിയനിയമത്തിലെ മിക്കവയും എഴുത്തുകളായോ ലേഖനങ്ങളായോ ആണ് എഴുതപ്പെട്ടത്, സാധാരണയായി മനുഷ്യർ കത്തെഴുതുന്നത് പ്രത്യേകമായ വിഷയങ്ങൾ സ്വീകർത്താക്കളെ അറിയിക്കുന്നതിനാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം പത്രൊസിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ സാധ്യമായിടത്തോളം അവന്റെ എഴുത്തിന്റെ പശ്ചാത്തലം അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അവൻ എന്താണ് പറഞ്ഞത്, എന്തുകൊണ്ട്? അതേ നിശ്ചയമായും, എല്ലാത്തിലും പ്രധാനമായി: നമുക്ക് അതിൽനിന്ന് (എന്ത് പ്രചോദനത്തിൽ ആർക്കാണ് അത് എഴുതപ്പെട്ടത്) എന്ത് സന്ദേശം എടുക്കുവാൻ കഴിയും?

നാം വേഗത്തിൽ കാണാൻ പോകുന്നതുപോലെ ആദ്യത്തെ ഏതാനും വാക്യങ്ങളിൽ പോലും, അവൻ എഴുതി നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും, നമുക്കായി വളരെയധികം പ്രധാന സത്യങ്ങൾ വെളിവാക്കുവാൻ പത്രൊസിനുണ്ട്.

**ഞായർ ഏപ്രിൽ 2**

**നാടുകടത്തപ്പെട്ടവർക്ക്**

പ്രിയമുള്ള സാർ എന്നാരംഭിക്കുന്ന ഒരു കടലാസുകഷണം നിങ്ങൾക്കു തന്നാൽ ഒരു എഴുത്ത് വായിക്കുകയാണെന്ന് നിങ്ങൾ തിരിച്ചറിയും. നിങ്ങൾക്ക് അത്ര അടുപ്പമില്ലാത്ത ആരിൽനിന്നോ ആണ് ആ കത്തെന്നും നിങ്ങൾ ഊഹിക്കും.

ആധുനിക കത്തുകൾ തുടങ്ങുന്നതിന് ഒരു മാനദണ്ഡമുള്ളതുപോലെ, പുരാതന എഴുത്തുകൾക്കുമുണ്ട്. ആദ്യം പത്രൊസ് ആരംഭിക്കുന്നത് ഏതൊരു പുരാതന എഴുത്തിനെയും പോലെയാണ്. അത് എഴുതുന്നയാളെയും ആർക്കാണ അയ്ക്കുന്നതെന്നും വ്യക്തമാക്കുന്നു.

**1 പത്രൊസ് 1:1 വായിക്കുക, നമുക്ക് അല്പമായ ഒരു പശ്ചാത്തലം തരുന്ന ഈ ഒരു വാകൃത്തിൽനിന്ന് നമുക്ക് എന്തു പഠിക്കാൻ കഴിയും?**

പത്രൊസ് വ്യക്തമായി അവനെത്തന്നെ പരിചയപ്പെടുത്തുന്നു. അവന്റെ പേരാണ് എഴുത്തിലെ ആദ്യ വാക്ക്. എന്നിരുന്നാലും അവൻ ഉടൻ തന്നെ അവനെ "ക്രിസ്തുയേശുവിന്റെ ഒരു അപ്പൊസ്തലൻ"എന്ന് വിശേഷിപ്പിക്കുന്നു. അപ്രകാരം, മിക്കപ്പോഴും പൗലൊസ് ചെയ്തതുപോലെ (ഗലാത്യർ 1:1, റോമർ 1:1, എഫെ്യസർ 1:1) പത്രൊസ് ഉടൻ തന്നെ അവന്റെ ദിവ്യവിളി ഊന്നിപ്പറഞ്ഞുകൊണ്ട് അവന്റെ യോഗ്യതകൾ സ്ഥാപിക്കുന്നു. അവനൊരു "അപ്പൊസ്തലൻ"ആയിരുന്നു അതായത് "അയ്ക്കപ്പെട്ടവൻ", അവനെ അയച്ചവനാകട്ടെ കർത്താവായ യേശുക്രിസ്തുവും.

അവന്റെ എഴുത്ത് എവിടേക്കാണോ അയച്ചത് ആ മേഖല അവൻ വ്യക്തമാക്കുന്നു. പൊന്തൊസ്, ഗലാത്യ, കപ്പദൊക്യ, ആസ്യ, ബിഥുന്യ എന്നിവയെല്ലാം ഏഷ്യാമൈനറിലുള്ള സ്ഥലങ്ങളാണ്, ബോസ്ഫോറസ്സിസ് കിഴക്കുള്ള ആധുനിക തുർക്കിക്ക് തുല്യമായ സ്ഥലങ്ങൾ.

പത്രൊസ് കൂടുതലും എഴുതിയത് യെഹൂദാവിശ്വാസികൾക്കാണോ പുറജാതി വിശ്വാസികൾക്കാണോ എന്നതിൽ തർക്കം നിലനിൽക്കുന്നുണ്ട്.

1 പത്രൊസ് 1:1–ൽ പത്രൊസ് ഉപയോഗിച്ചിരിക്കുന്ന പദങ്ങളായ ചിതറിപ്പാർക്കുന്നവന്, പരദേശികൾ എന്നിവ സാധാരണയായി ഒന്നാം നൂറ്റാണ്ടിൽ വിശുദ്ധ നാടുകൾക്ക് പുറത്ത് പാർത്തിരുന്ന യെഹൂദരെ സൂചിപ്പിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ടവൻ, വിശുദ്ധീകരിച്ചവർ എന്ന് 1 പത്രൊസ് 1:2 ൽ ഉപയോഗിച്ചിരിക്കുന്നത്. യെഹൂദർക്കും ക്രിസ്ത്യാനികൾക്കും ഒരുപോലെ ബാധകമാണ്. സമൂഹത്തിനു പുറത്തുള്ളവരെ "ജാതികൾ"എന്ന് വർണ്ണിക്കുന്നത് പത്രൊസ് ആർക്കാണോ എഴുതുന്നത് അവരുടെ യെഹൂദാ സ്വഭാവം അടിവരയിടുന്നു. ചില വ്യാഖ്യാതാക്കൾ ഇതിനു മറുപടിയായി വാദിക്കുന്നത് 1 പത്രൊസ് 1:18–ലും 4–ന്റെ 3–ലും പറയുന്നുണ്ട്. യെഹൂദരെക്കാൾ യോജിക്കുന്നത് ജാതികളിൽനിന്ന് ക്രിസ്ത്യാനികളായവർക്കാണെന്നാണ്. എന്തായാലും, പത്രൊസ് "നിങ്ങളുടെ പിതാക്കന്മാരിൽ നിന്നും നിങ്ങൾ അവകാശമാക്കിയ ഫലമില്ലാത്ത വഴികൾ"എന്ന് യെഹൂദന്മാരോട് പറയുമോ? അതോ അവൻ യെഹൂദാ വായനക്കാരോട് "കാമാർത്തികളിലും, മോഹങ്ങളിലും, വീഞ്ഞുകുടിയിലും വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്നു ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ടു കാലം പോക്കിയത് മതി" (1 പത്രൊസ് 4:3).

**നമ്മുക്ക് കൂടുതൽ പ്രധാനമായുള്ളത് ആരെ സംബോ ധന ചെയ്തു എന്നതല്ല മറിച്ച് ദൂത് എന്ത് പറയുന്നു എന്നതാണ്.**

**തിങ്കൾ** **ഏപ്രിൽ 03**

## തിരഞ്ഞെടുക്കപ്പെട്ടു

**1 പത്രൊസ് 1:2 വായിക്കുക. പത്രൊസ് ഇത് ആർക്കെഴുതിയോ അവരെക്കുറിച്ച് മറ്റെന്താണ് ഇത് പറയുന്നത്? അവൻ അവരെ എന്താണ് വിളിക്കുന്നത്?**

പ്രത്യേകമായി യെഹൂദർക്കോ അല്ലെങ്കിൽ ജാതികൾക്കോ എഴുതുകയായിരുന്നെങ്കിലും, പത്രൊസിന് ഒരു കാര്യം ഉറപ്പുണ്ടായിരുന്നു. അതിങ്ങനെയാണ് "പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം" (1 പത്രൊസ് 1:2).

ഇവിടെ ഒരുവൻ ശ്രദ്ധാലുവായിരിക്കണം. കുറച്ചു പേർ രക്ഷപ്പെടുവാനും മറ്റുള്ളവർ നശിക്കുവാനുമായി ദൈവം മുൻകൂട്ടി നിശ്ചയിച്ചു എന്നല്ല, ഭാഗ്യമെന്നു പറയട്ടെ, പത്രൊസ് ആർക്കെഴുതിയോ അവർ ദൈവത്താൽ രക്ഷപ്പെടുവാനായി തിരഞ്ഞെടുക്കപ്പെട്ട ചിലരാണ്, അതേ സമയം മറ്റുള്ളവർ നശിക്കാനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. അതല്ല ബൈബിൾ പഠിപ്പിക്കുന്നത്.

1 തിമൊഥെയൊസ് 2:4, 2 പത്രൊസ് 3:9, യോഹന്നാൻ 3:16, യെഹെസ്കേൽ 33:11 വായിക്കുക. ഈ ജനങ്ങളെ പത്രൊസ് "തിരഞ്ഞെടുക്കപ്പെട്ടവർ" എന്നു വിളിച്ചപ്പോൾ അവൻ എന്താണ് അർത്ഥമാക്കിയതെന്നു മനസ്സിലാക്കാൻ ഈ വാക്യങ്ങൾ നമ്മെ എങ്ങനെ സഹായിക്കും?

എല്ലാവരും രക്ഷപ്പെടണമെന്നതു ദൈവത്തിന്റെ പദ്ധതിയായിരുന്നു എന്നു തിരുവെഴുത്ത് വ്യക്തമാക്കുന്നു, ലോകത്തിന്റെ സൃഷ്ടിപ്പിനുമുമ്പു തന്നെ അവർക്കായി നിയോഗിച്ച ഒരു പദ്ധതി: "ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു" (എഫെസ്യർ 1:4). അതും നഷ്ടപ്പെടാതെ ഏവരും രക്ഷപ്പെടണമെന്നുള്ള ദൈവത്തിന്റെ ആദ്യ ഉദ്ദേശ്യത്തിന്റെ അർത്ഥത്തിൽ "ഏവരും" "തിരഞ്ഞെടുക്കപ്പെട്ടവരാണ്'' സകല മനുഷ്യർക്കും നിത്യജീവനാണ് അവൻ മുൻനിർണ്ണയിച്ചത്. ഇതിനർത്ഥം ഏവരും പാപപരിഹാരത്തിൽ ഉൾപ്പെടേണ്ടതിനു രക്ഷാപദ്ധതി മതിയായതായിരിക്കുമെന്നാണ്, ആ പാപപരിഹാരം അവനോ അവൾക്കോ നൽകുന്നത് ഏവരും സ്വീകരിക്കില്ല എങ്കിൽ തന്നെയും, രക്ഷയെ സംബന്ധിച്ചിടത്തോളം അവരുടെ സ്വതന്ത്ര തിരഞ്ഞെടുപ്പ് എന്തായിരിക്കും എന്നു മുൻകൂട്ടി അറിയുന്നത് മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ചുള്ള ദൈവത്തിന്റെ മുന്നറിവ് ഈ മുന്നറിവ്. യാതൊരു വിധത്തിലും അവരുടെ തിരഞ്ഞെടുപ്പിനുമേൽ സമ്മർദം ചെലുത്തുന്നില്ല. ഉദാഹരണത്തിന് തന്റെ കുട്ടി പച്ചപ്പയറും മിഠായിയും തമ്മിൽ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടാൽ മിഠായി തിരഞ്ഞെടുക്കും എന്ന മാതാവിന്റെ അറിവല്ല കുട്ടി മിഠായി തിരഞ്ഞെടുക്കാൻ കാരണം.

**രക്ഷപ്പെടുന്നതിനായി ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന പ്രോത്സാഹജനകമായ സത്യത്തിൽ നിന്ന് എപ്രകാരമുള്ള ഒരുറപ്പാണ് നിങ്ങൾക്കു ലഭിക്കുവാൻ കഴിയുക?**

## സുപ്രധാന കേന്ദ്ര ആശയങ്ങൾ

**1 പത്രൊസ് 1: 3–12 വായിക്കുക. ഈ വാക്യങ്ങളിലുള്ള പത്രൊസിന്റെ പ്രധാന ദൂത് എന്താണ്?**

1 പത്രൊസ് 1:1,2 ലും അവന്റെ വായനക്കരോടുള്ള അഭിവാദ്യത്തിൽ, അവൻ നേരത്തെ തന്നെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്വത്തിലെ മൂന്ന് അംഗങ്ങളാണ്.

**1 പത്രൊസ് 1:3–12 ലെ വിഷയം.**

1 പത്രൊസ് 1:3–12 ലെ വിഷയം പിതാവും പത്രൊസുമാണ്, 1 പത്രൊസ് 1:10–12 ലാകട്ടെ പരിശുദ്ധാത്മാവിനാണ് മുൻതൂക്കം.

അവൻ പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചും എഴുതുമ്പോൾ, അവൻ പിന്നീട് തിരികെവരാൻ ഉദ്ദേശിക്കുന്ന അനേക കേന്ദ്ര ആശയങ്ങൾ പത്രൊസ് അവതരിപ്പിക്കുന്നുണ്ട്.

ക്രിസ്ത്യാനികൾ പുതിയതായി ജനിച്ചു എന്ന് പത്രൊസ് തുടങ്ങുന്നു(1 പത്രൊസ് 1:3, യോഹന്നാൻ 3:7 കാണുക) യേശുവിന്റെ ഉയിർപ്പിലൂടെയും ക്രിസ്ത്യാനികളെ കാത്തിരിക്കുന്ന സ്വർഗ്ഗത്തിലെ അസാധാരണമായ അനന്തരാവകാശത്തിലൂടെയും അവരുടെ സമ്പൂർണ്ണ ജീവിതങ്ങൾ മാറ്റപ്പെട്ടു(1 പത്രൊസ് 1:3,4).

പുതിയനിയമത്തിലെ മറ്റനേകം സ്ഥലങ്ങളിലെന്ന പോലെ, ഇവിടെയും യേശുവിന്റെ ഉയിർപ്പാണ് ക്രിസ്തീയ പ്രത്യാശയുടെ മുഖ്യ അടിത്തറ. 1 പത്രൊസ് വായിക്കുന്ന അനേകരും യാതനയനുഭവിക്കുകയാണെങ്കിലും ഈ പ്രത്യാശ ക്രിസ്ത്യാനികൾക്കു സന്തോഷിക്കുവാനുള്ള ഒരു കാരണം നൽകുന്നു. ഈ കഷ്ടതകൾ അവരെ പരിശോധിക്കുകയും ശുദ്ധിയാക്കുകയും ചെയ്യുന്നു അഗ്നി സ്വർണ്ണത്തെ പരിശോധിക്കുകയും ശുദ്ധിയാക്കുകയും ചെയ്യുന്നതുപോലെ. പത്രോസിന്റെ വായനക്കാർ യേശുവിനെ അവന്റെ ഭൂമിയിലെ ശുശ്രൂഷാവേളയിൽ കണ്ടിട്ടില്ലെങ്കിലും അവർ അവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. അവനിലുള്ള അവരുടെ വിശ്വാസത്തിന്റെ പരിണതഫലമോ രക്ഷയും "നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്റെ" വാഗ്ദത്തവുമാണ് (1 പത്രൊസ് 1:4). "നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച്" പഴയകാല പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട് എന്ന കാര്യവും പത്രൊസ് അവരെ അറിയിക്കുന്നു. (1 പത്രൊസ് 1:10) പഴയനിയമ പ്രവാചകന്മാർ" ഈ ജനം ഇപ്പോൾ യേശുവിൽ അനുഭവിക്കുന്ന രക്ഷയെക്കുറിച്ച് "ആരായുകയും അന്വേഷിക്കുകയും" ചെയ്തു (1 പത്രൊസ് 1:10).

അവരുടെ വിശ്വാസത്തിനു വേണ്ടി അവർ പീഡനം സഹിക്കുമ്പോൾ അവർ അതിലും വിസ്തൃതമായ ഒരു എറ്റുമുട്ടലിന്റെ–നന്മയുടെയും തിന്മയുടെയും–ഭാഗമാണ്. ഒടുവിലായി, പരീക്ഷകൾക്കിടയിലും സത്യത്തോടു വിശ്വസ്തരായിരിക്കുവാൻ അവരെ സഹായിക്കുന്നതിന് അവൻ ശ്രമിക്കുകയാണ്.

**1 പത്രൊാസ് 1:4 പറയുന്നത് നിങ്ങൾക്കായി ഒരു അനന്തരാവകാശം "സ്വർഗ്ഗത്തിൻ ഒരുക്കിയിരിക്കുന്നു" എന്നാണ്. അതിനെക്കുറിച്ച് ഒരു വ്യക്തിപരമായ നിലയിൽ ചിന്തിക്കുക; വ്യക്തിപരമായി, നിങ്ങൾക്കുവേണ്ടി മാത്രമായി സ്വർഗ്ഗത്തിൽ ഒരിടം സൂക്ഷിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ഈ അതിശയകരമായ വാഗ്ദത്തത്തോട് വ്യക്തിപരമായി നിങ്ങൾ എങ്ങനെ പ്രതികരിക്കണം?**

**ബുധൻ** **ഏപ്രിൽ 05**

## രക്ഷയുടെ ജീവിതം ജീവിക്കുന്നു.

**1 പത്രൊാസ് 1:13 -21 വായിക്കുക. ഈ പുസ്തക ഭാഗപ്രകാരം എന്താണ് ക്രിസ്തീയ പെരുമാറ്റത്തെ പ്രേരിപ്പിക്കേണ്ടത്?**

1 പത്രൊാസ് 1:13 ആരംഭിക്കുന്ന "ആകയാൽ എന്ന വാക്ക് കാണിക്കുന്നത് പത്രോസ് ഇനി പറയുവാൻ പോകുന്നത് അവൻ തൊട്ട് മുൻപ് പറഞ്ഞതിന്റെ തുടർച്ചയാണെന്നാണ്. നാം ഇന്നലത്തെ പാഠഭാഗത്ത് കണ്ടതുപോലെ പത്രൊാസ് ദൈവകൃപയെക്കുറിച്ചും ക്രിസ്ത്യാനികൾക്ക് യേശുവിലുള്ള പ്രത്യാശയെക്കുറിച്ചും സംസാരിച്ച് കഴിഞ്ഞതേയുള്ളൂ (1 പത്രൊാസ് 1:3-12).

ഈ പ്രത്യാശയുടെയും കൃപയുടെയും ഫലമായി, പത്രോസ് അവന്റെ വായനക്കാരോട് "മനസ്സ് ഉറപ്പിച്ചു നിർമ്മദരാകുവാൻ"ആഹ്വാനം ചെയ്യുന്നു. അതായത്, അവർക്ക് യേശുവിലുള്ള രക്ഷയുടെ ഒരു പ്രതികരണമായി, ഉറച്ചുനിൽക്കുന്നതിനും വിശ്വസ്തരാകുന്നതിനും അവർ അവരുടെ മനസ്സുകളെ ഒരുക്കേണ്ടതുണ്ട്.

**1 പത്രൊാസ് 1:13 വായിക്കുക "കൃപയിൽ പൂർണ്ണ പ്രത്യാശവച്ചുകൊൾവിൻ" എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?**

അവരുടെ പ്രത്യാശ യേശുവിൽ മാത്രമാണ് എന്ന് പത്രൊാസ് പറയുന്നു എന്നതിൽ സംശയമൊന്നുമില്ല. എന്നാൽ അവരുടെ രക്ഷയുടെ പരിണിതഫലമായി ക്രിസ്ത്യാനി കളിൽനിന്ന് ഒരു പ്രത്യേക നിലവാരത്തിലുള്ള പെരുമാറ്റം പ്രതീക്ഷിക്കപ്പെടുന്നു എന്നകാര്യം അവൻ ഊന്നിപ്പറയുന്നു.

ക്രിസ്തീയ പെരുമാറ്റത്തിനു പിന്നിലുള്ള മൂന്ന് വലിയ പ്രേരണകൾ അവ ചൂണ്ടിക്കാണിക്കുന്നു: ദൈവത്തിന്റെ സ്വഭാവം (1 പത്രൊാസ് 1:15,16), വരുവാനുള്ള ന്യായവിധി (1 പത്രൊാസ് 1:17) കൂടാതെ വീണ്ടെടുപ്പിന്റെ വില (1 പത്രൊാസ് 1:17-21).

ക്രിസ്തീയ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന ആദ്യ കാര്യം ദൈവത്തിന്റെ സ്വഭാവമാണ്.

ഈ സ്വഭാവത്തെ ഇങ്ങനെ രത്നച്ചുരുക്കമാക്കാം: ദൈവം പരിശുദ്ധനാണ് "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1 പത്രൊാസ് 1:16) എന്ന് പത്രൊാസ് പറയുമ്പോൾ അവൻ ലേവ്യ 11:44,45 ഉദ്ധരിക്കുകയാണ്. ആയതിനാൽ യേശുവിനെ അനുഗമിക്കുന്നവരും വിശുദ്ധരായിരിക്കണം (1 പത്രൊാസ് 1:15-17).

ക്രിസ്തീയ പെരുമാറ്റത്തിനുള്ള രണ്ടാമത്തെ പ്രോത്സാഹനം കാണപ്പെടുന്നത് വിശുദ്ധനായ ദൈവം എല്ലാവരെയും നിഷ്പക്ഷമായി അവനവന്റെ പ്രവൃത്തിക്കനുസരിച്ച് ന്യായം വിധിക്കും എന്ന തിരിച്ചറിവാണ് 1 പത്രൊാസ് 1:17).

മൂന്നാമത്തെ പ്രോത്സാഹനം ഉയർന്നു വരുന്നത് ക്രിസ്ത്യാനികൾ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു എന്ന വലിയ സത്യത്തിൽനിന്നാണ്. ഇതിനർത്ഥം അവരെ ഒരു വില നൽകി വാങ്ങിയാതാണെന്നാണ്, ഒരു വലിയ വില: ക്രിസ്തുവിന്റെ വിലയേറിയ രക്തം (1 പത്രൊസ് 1:19). യേശുവിന്റെ മരണം ചരിത്രത്തിന്റെ ഒരു അപകടമല്ലെന്നും ലോകസ്ഥാപനത്തിനുമുൻപെ സ്ഥാപിക്കപ്പെട്ടതാണെന്നും പത്രൊസ് ഊന്നിപ്പറയുന്നു (1 പത്രൊസ് 1:20).

**ഒരു ക്രിസ്ത്യാനിയായിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതെന്താണ്? നിങ്ങൾ എന്തുകൊണ്ടാണ് ഒരു ക്രിസ്ത്യാനിയായിരിക്കുന്നത് എന്ന് ചോദിച്ചാൽ നിങ്ങൾ എന്ത് മറുപടി പറയും, എന്തുകൊണ്ട്? നിങ്ങളുടെ ഉത്തരങ്ങൾ ശബ്ബത്തിൽ ക്ലാസിൽ കൊണ്ടുവരിക.**

**വ്യാഴം** **ഏപ്രിൽ 6**

## അന്യോന്യം സ്നേഹിപ്പിൻ

**ഒരു വിശ്വസ്തവും വിശുദ്ധവുമായ ജീവിതം നയിക്കുക എന്നതിന്റെ പരമോന്നതഭാവം എന്തായിരിക്കും എന്നതിലേക്ക് പിന്നീട് പത്രൊസ് ക്രിസ്ത്യാനികളെ നയിക്കുന്നു.**

**1 പത്രൊസ് 1:22 25 വായിക്കുക. ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നതിന്റെ അർത്ഥമെന്താണ് എന്നതിലെ എന്ത് പ്രധാന കാര്യമാണ് പത്രൊസ് ഇവിടെ കൊണ്ടുവരുന്നത്?**

പത്രൊസ് ആരംഭിക്കുന്നത് ക്രിസ്ത്യാനികൾ നേരത്തെ തന്നെ ശുദ്ധീകരിക്കപ്പെട്ടവരും ("നിർമ്മലീകരിച്ചിരിക്കകൊണ്ട്") സത്യത്തോട് അനുസരണയിൽ ജീവിക്കുന്നവരുമാണെന്നാണ് (1പത്രൊസ് 1:22)."ശുദ്ധീകരിക്കുക"അല്ലെങ്കിൽ "നിർമ്മലീകരിക്കുക"എന്ന ക്രിയ "വിശുദ്ധമായ" "വിശുദ്ധി" എന്നീ വാക്കുകളോട് വളരെ സാമ്യമുള്ളതാണ്, ഇത് ഏതാനും വാക്യങ്ങൾക്ക് മുമ്പ് പത്രൊസ് എഴുതിയതുമായി ബന്ധപ്പെട്ടിരിക്കുന്നു (1 പത്രൊസ് 1:15).യേശു വിനോടുള്ള അവരുടെ സമർപ്പണത്തിലൂടെയും, അവരുടെ സ്നാനത്തിലൂടെയും (1 പത്രൊസ് 3:21,22 മായി താരതമ്യപ്പെടുത്തുക)അവരെത്തന്നെ ദൈവത്തിനായി മാറ്റിവച്ച് ക്രിസ്ത്യാനികൾ അവരെത്തന്നെ ശുദ്ധീകരിച്ചിട്ടുണ്ട്, അവർ ഇത് ചെയ്യുന്നതാകട്ടെ സത്യം അനുസരിക്കുന്നതിലൂടെയും.

അവരുടെ ജീവിതത്തിലുള്ള ഈ മാറ്റത്തിന്റെ ഫലമായി വേറൊരു മാറ്റം സംഭവിക്കുന്നു. സമാനലോക കാഴ്ചപ്പാടുള്ള മറ്റുള്ളവരുമായി അവർ ഇപ്പോൾ അടുത്ത ബന്ധം പുലർത്തുന്നു. ഈ ബന്ധങ്ങൾ അത്ര ഈടാർന്നതാകകൊണ്ട് പത്രൊസ് കുടുംബ ഭാഷയാണ് അവരെ വർണിക്കാൻ ഉപയോഗിക്കുന്നത്. ക്രിസ്ത്യാനികൾ സഹോദര സ്നേഹത്തിലാണ് പ്രവർത്തിക്കേണ്ടത്. സഹോദരപ്രീതിയെക്കുറിച്ച് സംസാരിക്കുമ്പോൾ 1 പത്രൊസ് 1:22 ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദമായ ഫിലാദെൽഫിയയുടെ അർത്ഥം അക്ഷരാർത്ഥത്തിൽ സഹോദരീ/സഹോദര സ്നേഹമെന്നാണ്. കുടുംബങ്ങൾ തമ്മിലുണ്ടാകുന്ന സ്നേഹമാണത്.

ഫിലിയ (സൗഹൃദം), ഈറോസ് (ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഊഷ്മള മായ സ്നേഹം) അഗാപേ (മറ്റുള്ളവരുടെ നന്മ കാംക്ഷിക്കുന്ന പരിശുദ്ധ സ്നേഹം) എന്നിങ്ങനെ ഗ്രീക്ക് ഭാഷയിൽ സ്നേഹത്തിന് വിവിധ പദങ്ങളുണ്ട്. "അന്യോന്യം ഉറ്റു സ്നേഹിപ്പിൻ" (1 പത്രൊസ് 1:22) എന്നു പത്രൊസ് എഴുതുമ്പോൾ അവൻ ഉപയോഗിക്കുന്ന വാക്ക് 'അഗാപേ' എന്നതിനർത്ഥം മറ്റുള്ളവരുടെ നന്മ കാംക്ഷിക്കുന്ന പരിശുദ്ധമായ സ്നേഹമെന്നാണ്. അതുകൊണ്ട് തന്നെയാണ് അവൻ നിശ്ചയമായും ഹൃദയപൂർവ്വം (1 പത്രൊസ് 1:22) എന്ന ശൈലി ഉപയോഗിച്ചത്, "വീണ്ടും ജനിക്കുന്നതിൽ" നിന്ന് വരുന്ന ഹൃദയം (1 പത്രൊസ് 1:23; 1 പത്രൊസ് 1:3 ഉം കാണുക) ദുഷിക്കാത്ത ദൈവവചനത്തിലൂടെ വരുന്നതു. ഇപ്രകാരമുള്ള സ്നേഹം വരുന്നത് ദൈവത്തിൽനിന്ന് മാത്രമാണ്; അത് സ്വാർത്ഥമായ, സ്വയം-കേന്ദ്രീകൃതമായ, നവീകരിക്കാത്ത ഒരു ഹൃദയത്തിൽ പ്രകടമാകുന്നതല്ല, അതുകൊണ്ടു തന്നെയാണ് പത്രൊസ് ഉറപ്പായും "സത്യം അനുസരിക്കുന്നതിലും" (1 പത്രൊസ് 1:22)ശുദ്ധമാക്കപ്പെടുന്നതിലും അത്ര വലിയ ഊന്നൽ നൽകുന്നത്. വിശ്വസിക്കുന്ന എന്തോ ഒന്ന് മാത്രമല്ല സത്യം അത് ജീവിക്കേണ്ടതാണ്.

**നമുക്കെങ്ങനെയാണ് കൂടുതൽ സ്നേഹമുള്ളവരായിരിക്കാൻ പഠിക്കുവാൻ കഴിയുക? ഒരു പരിശുദ്ധമായ ഹൃദയത്തിൽനിന്ന് വരുന്ന തരത്തിലുള്ള സ്നേഹം പ്രകടമാക്കാൻ നാം എന്ത് തിരഞ്ഞെടുപ്പുകൾ നടത്തണം?**

**വെള്ളി 7** **ഏപ്രിൽ 7**

**കൂടുതൽ ചിന്ത:** EGW, "Christ the way of Life" 365-308; "Perfect obedience through Christ", pp 373-376, in selected Message, book.

പത്രൊസിന്റെ ഒന്നാം അദ്ധ്യായം എത്ര സമ്പന്നവും, ആഴത്തിലുള്ളതും, എത്ര വ്യാപ്തമാണെന്നതും ആശ്ചര്യം തന്നെ. പത്രൊസ് തന്റെ ലേഖനം ആരംഭിക്കുന്നത് ത്രിത്വത്തിന്റെ സ്വഭാവത്തെ ധ്യാനിച്ചുകൊണ്ടാണ്, ഇവിടെ അവൻ പിതാവിനെയും, പുത്രനെയും, പരിശുദ്ധാത്മാവിനെയും കൊണ്ടുവരുന്നു. അവന്റെ പുത്രനായ യേശുക്രിസ്തുവിൽ അവൻ ഒരു രക്ഷകനെ നൽകിയിട്ടുണ്ട്, നാമാകട്ടെ അനുസരണത്തിനും വിശുദ്ധീകരണത്തിനുംഅവനിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. നാം യേശുവിനെ സ്നേഹിക്കാൻ തുടങ്ങുന്നു, നാം അധിക സന്തോഷത്തിൽ അവനിൽ ആനന്ദിക്കുന്നു, കാരണം അവന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും,"ദുഷിക്കാത്ത ഒരു അനന്തരാവകാശത്തിന്റെ" വാഗ്ദത്തം നമുക്കുണ്ട്. അപ്പോൾ പരീക്ഷകൾക്കിടയിലും ക്രിസ്തുവിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന രക്ഷയിൽ അതിയായി സന്തോഷിക്കാം. "അവന്റെ (പത്രൊസിന്റെ)എഴുത്തുകൾ കഷ്ടതയും പരീക്ഷകളും അനുഭവിക്കുന്നവരുടെ വിശ്വാസം ബലപ്പെടുത്തുവാനും ധൈര്യം പുനഃസ്ഥാപിക്കുവാനുമുള്ള മാർഗ്ഗവും, അനേകതരം പരീക്ഷകളാൽ ദൈവത്തിനുമേലുള്ള സ്വാധീനം അപകടത്തിലാവുന്നവർക്ക് സൽപ്രവൃത്തികളിൽ പുതുക്കം പ്രാപിക്കുന്നതിന് സഹായിക്കുന്നതുമായിരുന്നു" - EGW, The Acts of the Apostle, p 517.

ആ സമയത്ത്, പത്രൊസും അവന്റെ വായനക്കാരും ജീവിച്ചിരുന്നതായ ദിവസങ്ങളെ വർണിക്കുവാൻ പരിശുദ്ധാത്മാവ് പ്രവാചകന്മാരിലൂടെ പ്രവർത്തിച്ചു. പരിണതഫലമായി, ക്രിസ്ത്യാനികൾ സത്യത്തോടുള്ള അനുസരണം നിറഞ്ഞവരായി, ഒരു

“ശുദ്ധമായ ഹൃദയത്തിൽ” നിന്നും വരുന്ന തരത്തിലുള്ള സ്നേഹ സ്വഭാവമുള്ള സമൂഹങ്ങളായി വിശുദ്ധ ജീവിതം നയിക്കണം.

**ചർച്ചാ ചോദ്യങ്ങൾ**

1. ക്ലാസിൽ, ബുധനാഴ്ചയിലെ പഠനത്തിന്റെ അവസാനം നൽകിയിരിക്കുന്ന ചോദ്യത്തിന്റെ ഉത്തരത്തിലൂടെ കടന്നുപോകുക. ക്രിസ്ത്യാനികളായിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്താണ്? നിങ്ങളുടെ ഉത്തരങ്ങളിൽ പൊതുവായി പങ്കു വയ്ക്കപ്പെടുന്നതെന്താണ്? എങ്ങനെ യാണ് അവ വ്യത്യസ്തമാകുന്നത്?
2. ഈ ആദ്യ അദ്ധ്യായത്തിൽ (1 പത്രൊസ് 1:3, 21) രണ്ട് പ്രാവശ്യം പത്രൊസ് യേശുവിന്റെ ഉയിർപ്പ് കൊണ്ടുവരുന്നുണ്ട്. പുനരുത്ഥാനത്തെ സംബന്ധിച്ച എന്താണ് നമ്മുടെ വിശ്വാസത്തിന് വളരെ പ്രധാനമായുള്ളത്?
3. “ദുഷിക്കാത്ത ഒരു അനന്തരാവകാശത്തെക്കുറിച്ച്” പത്രൊസ് സംസാരിച്ചു (ദാനീയേൽ 7:18 -ഉം കാണുക). അതിന്റെ അർത്ഥമെന്താണ്? ഈ ലോകത്തിലും ഈ ജീവിതത്തിലും പെട്ടെന്ന് തന്നെ നശിച്ചുപോകാവുന്നതോ അല്ലെങ്കിൽ മങ്ങി പ്പോകാവുന്നതോ ആയ സകല കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുക. നമുക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന അനന്തരാവകാശം എത്ര അതിശയകരമാണെ ന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയണം?
4. പരിശോധനകൾക്കിടയിലും നമ്മുടെ വിശ്വാസം എങ്ങനെ വളരാൻ കഴിയും? അതായത്, നാം അനുഭവിക്കുന്ന കാര്യങ്ങളിൽനിന്ന് പഠിക്കാൻ സഹായിക്കു വാൻ നമുക്ക് എന്ത് തിരഞ്ഞെടുപ്പുകൾ നടത്താൻ കഴിയും.

✪ ✪ ✪ ✪